>> യാത്ര

അബ്ദുൽഹമീദ് വാണിയമ്പലം

# വിശ്വാസദാർഢ്യത്തിന്റെ കരുത്തുമായി ഒരു ജനത

**അമ്മാനിലെ** ഐബിസ് ഹോട്ടലിൽ നിന്ന് രാവിലെ 6.30-ന് ഫലസ്ത്വീനിലേക്ക് യാത്ര തിരിച്ചു. 26 പേരടങ്ങുന്ന യാത്രാ സംഘമായിരുന്നു ഞങ്ങളുടേത്. റോഡിന്റെ ഇരുവശങ്ങളിലും നിറഞ്ഞു നിൽക്കുന്ന ഒലിവ് ചെടികൾ. മനോഹരമായ കാഴ്ചകൾ പകർന്ന് മലകളും കുന്നുകളും. ജോർദാൻ നദികടന്ന് ഹുസൈൻ ബ്രിഡ്ജിലൂടെ ഇസ്രയേൽ അതിർത്തിയിലേക്ക്. പാട്ടും കളികളുമായി സഞ്ചരിച്ച യാത്രാസംഘം പെട്ടെന്ന് നിശ്ശബ്ദമായി. 'എല്ലാവരും കാമറകൾ ഒളിപ്പിച്ചു വെക്കുക.' അപ്പോഴേക്കും ഇസ്രയേൽ പോലീസുകാരെ കണ്ടുതുടങ്ങി. ഇസ്രയേലിലേക്ക് പോകുന്നത് എന്തിനാണ്? നമുക്ക് മടങ്ങാം. പലരും അസ്വസ്ഥരായി. ഈ യാത്ര ഫലസ്ത്വീനിലേക്കാണ്. അല്ലാഹു അനുഗ്രഹിച്ച വിശുദ്ധഭൂമി. സ്വയം സമാധാനിച്ചു. അതിർത്തിക്കപ്പുറത്ത് ഒരു മണിക്കൂർ കാത്തുനിന്നതിനു ശേഷം എമിഗ്രേഷൻ കൗണ്ടറിലേക്ക്. സൂക്ഷ്മമായ പരിശോധന. കാമറയിലുള്ള ഫോട്ടോകൾ ഓരോന്നും പരിശോധിച്ച് ഇസ്രയേലിന്റെ തന്ത്രപ്രധാനമായ സ്ഥലങ്ങൾ ഒന്നുമില്ലെന്ന് പോലീസ് ഉറപ്പുവരുത്തി. ഞങ്ങൾ 8 പേരെ പ്രത്യേകം മാറ്റിനിർത്തി. ഫാമിലി കൂടെയില്ലാത്ത താടിയുള്ള യുവാക്കൾ! അതുകൊണ്ട് സ്പെഷ്യൽ ഓഫീസറുടെ പ്രത്യേക വിചാരണ. സംഘത്തിൽ 18 പേരും എമിഗ്രേഷൻ കഴിഞ്ഞു ഇസ്രയേലിൽ പ്രവേശിച്ചു. ഞങ്ങൾക്ക് അനുമതി കിട്ടാൻ വീണ്ടും 4 മണിക്കൂർ കാത്തിരിക്കേണ്ടി വന്നു. അതിർത്തിയിൽ 17-നും 25-നും ഇടക്ക് പ്രായമുള്ള ഇസ്രയേലി ആൺകുട്ടികളും പെൺകുട്ടികളുമാണ് പോലീസ് സേവനം നിർവഹിക്കുന്നത്. ഇത് രാഷ്ട്രത്തിന് വേണ്ടിയുള്ള നിർബന്ധ സൈനിക സേവനമാണത്രെ. ചാവുകടൽ ലക്ഷ്യമാക്കി യാത്ര തുടർന്നു. താഴ്ഭാഗത്തുനിന്നും മുകൾ ഭാഗത്ത് നിന്നും ശിക്ഷ ഏറ്റുവാങ്ങിയ, സ്വവർഗരതിയിൽ അഭിരമിച്ച, ലൂത്വി(അ)നെ ധിക്കരിച്ച ഒരു ജനതയുടെ പരിണതി ജീവികളില്ലാത്ത ചാവുകടൽ നമുക്ക് പറഞ്ഞു തരും.

ജറൂസലമിലേക്ക്. ലക്ഷ്യസ്ഥാനം അതാണ്. ബൈത്തുൽ മഖ്ദിസ്. അനുഗൃഹീത ഭൂമിയിലേക്ക് എത്തിതുടങ്ങിയതോടെ ഹൃദയമിടിപ്പിനു വേഗത കൂടി. പ്രവേശനാനുമതി ലഭിക്കുമോ? അഖ്സയുടെ പരിസരത്ത് ബസ് നിർത്തി. ചങ്കിടിപ്പോടെ ഞങ്ങൾ അഖ്സയുടെ കവാടത്തിലേക്ക് നീങ്ങി. ചുറ്റും ഇസ്രയേലിന്റെയും മഹ്മൂദ് അബ്ബാസിന്റെയും പോലീസ്. സെക്യൂരിറ്റി പോലീസിന്റെ പരിശോധനക്ക് ശേഷം അനുഗൃഹീത ഭൂമിയിൽ പ്രവേശിച്ചു. 'നാഥാ കാരുണ്യത്തിന്റെ കവാടം ഞങ്ങൾക്ക് നീ തുറന്നു തരേണമേ.' കൺകുളിർക്കെ മസ്ജിദുൽ അഖ്സ്വയും പരിസരവും കണ്ടു. ഞങ്ങളിപ്പോൾ ഖുബ്ബത്തുസ്വഖ്റയുടെ മുറ്റത്താണ്. ഇസ്റാഇന്റെയും മിഅ്റാജിന്റെയും പുണ്യഭൂമിയിൽ. ഇശാ നമസ്കാരത്തിന് സമയമായി. ഖുബ്ബത്തുസ്വഖ്റയിൽ പ്രവേശിച്ച് മഗ്രിബും ഇശാഉം നമസ്കരിച്ച് പുണ്യഭൂമിയുടെ വിമോചനത്തിന് വേണ്ടി പ്രാർഥിച്ചു. പ്രവാചകൻ(സ) മിഅ്റാജ് യാത്ര നടത്തിയത് ഇവിടന്നാണ്. കൊതിതീരാതെ കുറേനേരം അവിടെ നിന്നു. ഖുബ്ബത്തുസ്വഖ്റയിൽ നിന്ന് പുറത്തിറങ്ങി മസ്ജിദുൽ അഖ്സ്വയിലേക്ക്. പ്രവാചകന്മാർ നമസ്കരിച്ച പുണ്യസ്ഥലത്ത് തഹിയ്യത്ത് നമസ്കരിച്ചു. ആശങ്കകൾ നീങ്ങി. അല്ലാഹുവിന് സ്തുതി. മക്കയിലും മദീനയിലും ഹറമുകളിൽ എത്ര നിർഭയത്തോടെയാണ് നാം പ്രവേശിക്കുന്നത്. നിർഭയത്വത്തിന്റെ പ്രഭാത സൂര്യൻ ഒരുനാൾ ഇവിടെയും ഉദിക്കും. സന്തോഷം കൊണ്ട് വീർപ്പുമുട്ടുമ്പോഴും സ്വന്തം വീട്ടിൽ അന്യനായിരിക്കുന്നു എന്ന യാഥാർഥ്യബോധം വല്ലാതെ വേദനിപ്പിച്ചു. ഇസ്രയേലിന്റെ അധികാരത്തിനു കീഴിൽ ജൂതപ്പട്ടാളത്തിന്റെ ഔദാര്യത്തിൽ നമുക്കെങ്ങനെ സന്തോഷിക്കാൻ കഴിയും? ആദർശം നൽകുന്ന ആത്മാ

ഭിമാനം ഒരായിരം പ്രതിഷേധങ്ങളെ സൃഷ്ടിച്ചുകൊണ്ടേയിരുന്നു.

അവർക്കെപ്പോഴും നമ്മെ തടയാം, വെടിവെച്ചു കൊല്ലാം. ഖുബ്ബത്തുസ്വഖ്റയിൽ ചുമരിൽ കാണുന്ന പരുത്ത പാടുകൾക്ക് ക്രൂരമായ വെടിവെയ്പ്പിന്റെ കഥ പറയാനുണ്ട്. 2000 സെപ്റ്റംബർ 28. ലിക്കുഡ് പാർട്ടിനേതാവ് ഏരിയൽ ഷാരോൺ മൂവായിരം പട്ടാളക്കാരുടെ അകമ്പടിയോടെ മസ്ജിദുൽ അഖ്സയിൽ പ്രവേശിച്ചത് അന്നായിരുന്നു. ലോകമുസ്‌ലിംകൾ ഷാരോണിന്റെ നടപടിയിൽ ശക്തമായി പ്രതിഷേധിച്ചു. പ്രതിഷേധം വകവെക്കാതെ അകത്ത് പ്രവേശിച്ച ഷാരോൺ കൂട്ടക്കൊലതന്നെയായിരുന്നു ലക്ഷ്യം വെച്ചത്. മസ്ജിദുൽ അഖ്സ സംരക്ഷിക്കാനെത്തിയ മുസ്‌ലിംകൾക്കു നേരെ നിറയൊഴിച്ചു. 5 പേരാണ് അന്ന് രക്തസാക്ഷികളായത്. ഇത് ലോകമുസ്‌ലിംകളിൽ പുത്തനുണർവ് നൽകി. പ്രക്ഷോഭത്തിന്റെ അഗ്നിജ്വാലകളായി അത് മാറി. സയണിസ്റ്റ്‌വിരുദ്ധ പോരാട്ടത്തിന് വീറും നിശ്ചയദാർഢ്യവും നൽകി രണ്ടാം ഇൻതിഫാദക്ക് തുടക്കം കുറിച്ചു. പള്ളിയുടെ പരിസരങ്ങളിൽ കാണുന്ന ഫലസ്ത്വീനികുട്ടികൾ, ജൂതപ്പട്ടാളത്തിന് മുന്നിൽ ജീവന് വേണ്ടി കെഞ്ചുന്ന കൊച്ചു ബാലൻ മുഹമ്മദ് അദ്ദുർറയുടെ ദാരുണമായ മരണ രംഗങ്ങൾ ഓർമപ്പെടുത്തികൊണ്ടേയിരുന്നു. സമയം 9.30. ഞങ്ങളുടെ ഡ്രൈവർ ഫവാസ് ഫലസ്ത്വീനിയാണ്. വെസ്റ്റ് ബാങ്കിലാണ് താമസം. 9 മണിക്ക് ശേഷം ഫലസ്ത്വീനികൾക്ക് വെസ്റ്റ് ബാങ്കിലേക്ക് പ്രവേശനമില്ല. സ്വന്തം വീട്ടിലേക്ക് പോകണമെങ്കിൽ ജൂതപ്പോലീസ് കനിയണം. അദ്ദേഹം ഞങ്ങളോടൊപ്പം അന്തിയുറങ്ങി.

രാവിലെ 8 മണിക്ക് ഞങ്ങൾ മസ്ജിദുൽ അഖ്സയുടെ പടിഞ്ഞാറു ഭാഗത്തേക്ക് നീങ്ങി. അവിടെയാണ് വെയിലിങ്ങ് വാൾ. ഫലസ്ത്വീനികളെ പുറത്താക്കി ഇസ്രയേൽ കൈയേറിയ സ്ഥലം. ഇസ്രയേലിന്റെ കൊടി നാട്ടിയിട്ടുണ്ട്. പോലീസ് വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുന്നു. ജൂതവിശ്വാസികൾ മതിലിൽ തലവെച്ച് പ്രാർഥിക്കുന്നുണ്ട്. മസ്ജിദുൽ അഖ്സക്ക് ചുവട്ടിലെ തുരങ്കനിർമാണം നടക്കുന്നത് ഇവിടെയാണ്. 1996 മെയ് 19 ന് വെസ്റ്റ് ബാങ്കിലെ വാദി ഖലീലിൽ ഹമാസിന്റെ പോരാളികളെ ഇസ്രയേൽ സൈന്യം ഉപരോധിച്ചതിന്റെ ഫലമായി സംഘട്ടനം നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് തുരങ്ക നിർമാണം ആരംഭിച്ചത്. ഫലസ്ത്വീനികൾ ഇൻതിഫാദയിലൂടെ ഇതിനെ നേരിട്ടു. സയണിസ്റ്റ് ഭീകരരുമായുള്ള സംഘട്ടനത്തിൽ 62 ഫലസ്ത്വീനികൾ രക്തസാക്ഷികളാവുകയും 1600 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. തുരങ്ക നിർമാണം ഇപ്പോഴും തുടരുന്നു. അഖ്സയുടെ പതനമാണ് തുരങ്കനിർമാണത്തിന്റെ യഥാർഥ ലക്ഷ്യം.

ഇസ്രയേലിലും വെസ്റ്റ് ബാങ്കിലുമുള്ള ഫലസ്ത്വീനികളോട് ഇസ്രയേൽ ഗവൺമെന്റ് കാണിക്കുന്ന ക്രൂരതകൾ ഫലസ്ത്വീനികളുടെ മുഖത്ത് നിഴലിക്കുന്നുണ്ട്. അവർക്ക് പച്ചനിറത്തിലുള്ള പ്രത്യേക ഐഡന്റി കാർഡ് നൽകിയിട്ടുണ്ട്. നികുതി എല്ലാവരും കൃത്യമായി അടക്കണം. സർക്കാർ സേവനങ്ങളൊക്കെയും ജൂതന്മാർക്ക് മാത്രം. 8 ശതമാനം സേവനം മാത്രമാണ് മുസ്‌ലിംകൾക്ക് ലഭിക്കുന്നത്. മുസ്‌ലിംകൾ കടുത്ത ദാരിദ്ര്യത്തിലാണ്. കുട്ടികൾപോലും സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ബാക്കി സമയങ്ങളിൽ ചെറിയ കച്ചവടങ്ങളിൽ ഏർപ്പെടുന്നതായി കാണാൻ കഴിഞ്ഞു. ഫലസ്ത്വീനികളുടെയും ജൂതരുടെയും വീടുകൾ ശ്രദ്ധിച്ചാൽ ഇരുവിഭാഗങ്ങൾക്കുമിടയിലുള്ള സാമ്പത്തിക അന്തരം എത്ര ഭീകരമാണെന്ന് ബോധ്യപ്പെടും.

ജറൂസലമിൽ നിന്നും അധികം വിദൂരമല്ലാത്ത സൽമാനുൽ ഫാരിസ് മസ്ജിദിനടുത്ത് ഫലസ്ത്വീനി സ്ത്രീകൾ നടത്തുന്ന ഒരു സ്കൂളുണ്ട്, മൗണ്ട് ഓഫ് ഒലീവ് സ്കൂൾ. ആയിരത്തിലധികം വിദ്യാർഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിന്റെ ഹെഡ്മിസ്ട്രസ്സ് അഫാഫ ഇസ്രയേൽ ഗവൺമെന്റ് കാണിക്കുന്ന അനീതിയെക്കുറിച്ച് വേദനയോടെ സംസാരിച്ചു. "സ്കൂളിനാവശ്യമായ വെള്ളം, വൈദ്യുതി, വാഹനങ്ങളുടെ പെർമിഷൻ എന്നിവയൊന്നും സമയത്ത് അനുവദിച്ചുതരില്ല. പല കാരണങ്ങളും പറഞ്ഞ് പലതരം നികുതികളും ചുമത്തും. സേവനങ്ങളൊന്നും ഞങ്ങൾക്ക് ലഭിക്കാറില്ല, എന്റെ സ്വന്തം ഭൂമിയിൽ വീട് വെച്ചതിന് 37000 ലിറയാണ് പിഴ ചുമത്തിയത്. ബുദ്ധിമുട്ടിച്ച് ഞങ്ങളെ പുറത്താക്കുക എന്നതാണ് അവരുടെ ലക്ഷ്യം. അത് നടക്കില്ല. ഇത് ഞങ്ങളുടെ ഭൂമിയാണ്. ഇവിടെത്തന്നെ ജീവിക്കും. മരണവും ഇവിടെതന്നെ. മൂന്നാം ക്ലാസു മുതൽ ഞങ്ങൾ ഹിബ്രു പഠിപ്പിക്കുന്നുണ്ട്. ഗവൺമെന്റിന്റെ നിർബന്ധം കൊണ്ടല്ല, നമ്മുടെ കുട്ടികൾ ജൂതന്മാരെക്കുറിച്ച് നന്നായിട്ട് മനസ്സിലാക്കണം. അതിനവർ ഹിബ്രു പഠിക്കണം"– 50 കഴിഞ്ഞ അവരുടെ സ്വത്വബോധവും വാക്കുകളിലെ ആത്മവിശ്വാസവും നമ്മെ അത്ഭുതപ്പെടുത്തും. ദൃഢവിശ്വാസത്തിന്റെയും ആദർശപ്രതിബദ്ധതയുടെയും ജീവിക്കുന്ന മാതൃകയാണവർ. ദൈവിക മാർഗത്തിൽ എല്ലാം സമർപ്പിക്കാനുള്ള

കരുത്തും പ്രചോദനവുമാണവർ നമുക്ക്.

കണ്ണും മനസ്സും ഗസ്സയിലാണ്. എങ്ങനെയെങ്കിലും അവിടെ പ്രവേശിക്കാൻ കഴിയുമോ? അന്വേഷണങ്ങളുടെ മുമ്പിൽ എല്ലാ അതിർത്തികളും അടഞ്ഞുകിടന്നു. അപ്പോഴാണ് ഞങ്ങളുടെ ഗൈഡ് ഫലസ്ത്വീനിയായ കാസിം ഹെബ്രോണിനെക്കുറിച്ച് സംസാരിച്ചത്. വെസ്റ്റ് ബാങ്കിലാണ് ഹെബ്രോൺ. ബസ് അങ്ങോട്ട് തിരിച്ചു. ചരിത്ര വിവരണങ്ങൾക്കപ്പുറം കൃത്യമായ കാഴ്ചപ്പാടുകളോടെയുള്ള ഗൈഡിന്റെ വിശദീകരണങ്ങൾ ഞങ്ങളുടെ വിചാരവികാരങ്ങളോട് ചേർന്നു നിന്നു. ബസ് അതിർത്തി കടന്ന് വെസ്റ്റ് ബാങ്കിൽ പ്രവേശിച്ചു. ഇടതുഭാഗത്ത് ബത്‌ലഹേമും വലതുഭാഗത്ത് ജൂതരുടെ ഡാനിയൽ സെറ്റിൽമെന്റും കാണാം. അതിർത്തികളിൽ ഇസ്രയേൽ പണിത ഭീമാകാരമായ മതിലുകളുണ്ട്. ഫലസ്ത്വീനികളുടെ കടുത്ത പ്രതിഷേധങ്ങൾ മതിലുകളിൽ കാണാം. വന്യജീവികളുടെ ഭീകരമായ ചിത്രങ്ങൾ അവർ വരച്ചുവെച്ചിട്ടുണ്ട്. കല്ലുകളെ ഭയന്ന് പലയിടങ്ങളിലും ഇരുമ്പ് വലകൾ കെട്ടിയിട്ടുണ്ട്.

ബെത്‌ലഹേമിൽ ഭംഗിയുള്ള സ്ഥലങ്ങളിലെല്ലാം ജൂതസെറ്റിൽമെന്റുകളാണ്. ഏറ്റവും മോശപ്പെട്ട സ്ഥലങ്ങളാണ് ഫലസ്ത്വീനികൾക്ക് നൽകിയത്. റോഡിന്റെ ഇരുഭാഗത്തും നിറഞ്ഞുനിൽക്കുന്ന മുന്തിരിയുടെയും ഒലീവിന്റെയും തോട്ടങ്ങളിലൂടെ, നംറൂദിന്റെ അഗ്നി കുണ്ഡത്തിൽ നിന്നും രക്ഷപ്പെട്ട് ഫലസ്ത്വീനിലേക്ക് ഇബ്‌റാഹീം നബി നടന്നുവന്ന വഴിയിലൂടെ, നൂറ്റാണ്ടുകളുടെ ചരിത്രവും നെഞ്ചിലേറ്റി ഹിബ്രുഡിസ്ട്രിക്റ്റിൽ പ്രവേശിച്ചു. ഹമാസ് പിറന്നത് ഇവിടെയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 11 സീറ്റും ഇവിടെ ഹമാസ് നേടി. റോഡിന്റെ ഇടതുഭാഗത്ത് മലകളിൽ നിറഞ്ഞു നിൽക്കുന്ന മൂർച്ചയുള്ള കല്ലുകൾക്ക് ഇൻതിഫാദയുടെ ആവേശോജ്ജ്വലമായ കഥകൾ പറയാനുണ്ട്. 1987 ഡിസംബർ 9 ന് ഇൻതിഫാദ ആരംഭിച്ചപ്പോൾ ജൂതശക്തിയെ നേരിടാൻ ഒരേ ഒരായുധം മാത്രമേ ഫലസ്ത്വീനികൾക്കുണ്ടായിരുന്നുള്ളൂ. കൊച്ചുകുട്ടികൾ മുതൽ പ്രായം ചെന്ന സ്ത്രീകൾവരെ ഈ ആയുധം നന്നായി ഉപയോഗിച്ചു. ജൂതപട്ടാളത്തെ ഭയപ്പെടുത്തിയത് മൂർച്ചയുള്ള ഈ കല്ലുകളായിരുന്നു. ടാങ്കുകൾക്ക് മുമ്പിൽ നെഞ്ച്‌വിരിച്ച് ശത്രുവിന്റെ നെറ്റിയിൽ കൃത്യമായി കല്ലുപതിപ്പിക്കാനുള്ള ഫലസ്ത്വീൻ വിമോചനപ്പോരാളികളുടെ കഴിവ് അംഗീകരിക്കപ്പെട്ടതാണ്. ഇന്നും ഇസ്രയേൽ കല്ലുകളെ ഭയപ്പെടുന്നു. മതിലുകളും ഇരുമ്പ് വലകളും നിർമിക്കേണ്ടിവരുന്നത് അതുകൊണ്ടാണ്. ഇതുവഴി കടന്നുപോകുന്ന ഇസ്രയേലിന്റെ യാത്രാബസുകളിൽ ബുള്ളറ്റ് പ്രൂഫ് ഗ്ലാസുകൾ ഫിറ്റ് ചെയ്തതു കാണാം. ആണവായുധങ്ങളിൽ അടയിരിക്കുന്നവർക്ക് കല്ലുകളെ പേടിക്കേണ്ടിവരുന്നതിന്റെ രഹസ്യം ഫലസ്ത്വിനികളുടെ ജീവിതം നമുക്ക് പറഞ്ഞുതരും. ദൃഢവിശ്വാസത്തിന്റെ കരുത്തിൽ എല്ലാം സമർപ്പിക്കാൻ തയാറായ ആ പോരാട്ട സംഘത്തിന്റെ ഇഛാശക്തിയിലാണ് മുസ്‌ലിം സമുദായത്തിന് ഇന്നും മസ്ജിദുൽ അഖ്‌സയിൽ പ്രവേശിക്കാൻ സാധിക്കുന്നത്.

റോഡ് കൂടുതൽ ഇടുങ്ങിയതും കയറ്റിറക്കമുള്ളതുമായി മാറി. അൽ ഖലീലിലെ ഇബ്‌റാഹീം മസ്ജിദാണ് ഞങ്ങൾക്ക് സന്ദർശിക്കേണ്ടത്. ഇബ്‌റാഹീം നബി(അ)യും പത്നി സാറാബീവിയും ഇസ്ഹാഖ് നബി(അ)യും അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടെയാണ്. മസ്ജിദിന്റെ കവാടങ്ങളിൽ പോലീസ് കാവൽ നിൽക്കുന്നുണ്ട്. പരിശോധനക്ക് ശേഷം മസ്ജിദിലേക്ക് പ്രവേശിച്ചു. മുസല്ലകൾക്ക് ചോരയുടെ മണം. വെടിയൊച്ചകൾ കേൾക്കുന്നതുപോലെ. സംഭവങ്ങൾ പലതും ഓർമയിൽ വന്നു. 1994–ലെ കറുത്ത പ്രഭാതം. ജൂത കുടിയേറ്റക്കാരൻ ബാറൂഖ് ഗോൾഡ് സ്റ്റൈൻ ഇബ്‌റാഹീം മസ്ജിദിൽ തള്ളിക്കയറി. സുബ്ഹി നമസ്കരിച്ചുകൊണ്ടിരിക്കുന്ന 60 വിശ്വാസികളെയും കാവൽക്കാരെയും വെടിവെച്ചുകൊന്നു. പള്ളിചോരക്കളമായി. മനസ്സ് ഒന്നു പിടഞ്ഞു. അകത്ത് പള്ളിയിൽ ഖുർആൻ പഠനം നടത്തികൊണ്ടിരിക്കുന്ന സഹോദരങ്ങളോട് ക്ഷേമാന്വേഷണങ്ങൾ നടത്തി പ്രാർഥനയോടെ തിരിഞ്ഞുനടക്കുമ്പോൾ കവാടത്തിൽ ഊന്നുവടിയുടെ താങ്ങിൽ ദൈന്യതയോടെ നിന്നു കരയുന്ന വൃദ്ധന്റെ മുഖം വിശ്വാസദാർഢ്യം നൽകുന്ന ആർജവത്തിനപ്പുറത്ത് ഫലസ്ത്വീൻ ജനത അനുഭവിക്കുന്ന പീഡനത്തിന്റെ യഥാർഥ ചിത്രം നൽകുകയായിരുന്നു. മറക്കാനാവാത്ത ഈ അനുഭവം ലോക മുസ്‌ലിം സമുദായത്തെ വേട്ടയാടിക്കൊണ്ടിരിക്കും.

വെസ്റ്റ് ബാങ്കിൽ ആരാണ് ഭരിക്കുന്നത്? മഹ്മൂദ് അബ്ബാസോ അതോ ഇസ്രയേൽ ഗവൺമെന്റോ? കാര്യങ്ങളൊക്കെയും ഇസ്രയേലിന്റെ തന്നെ കൈകളിലാണ്. ലോകത്തെ തെറ്റിദ്ധരിപ്പിക്കാൻ ഫലസ്ത്വീനികൾക്കൊരു രാഷ്ട്രം! വെസ്റ്റ് ബാങ്കിൽ നിന്നും ഫലസ്ത്വീൻ മുസ്‌ലിംകളെ ഒഴിപ്പിക്കാനുള്ള ഗൂഢാലോചനയെക്കുറിച്ചും ജൂതസമ്മർദങ്ങളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ

പുറത്ത് വന്നുകൊണ്ടിരിക്കുന്നു. ഇസ്രയേലിനോടുള്ള ഇസ്‌ലാമിസ്റ്റുകളുടെ കടുത്ത നിലപാടുകളെ ചോദ്യം ചെയ്യുന്നവർക്ക് ദൈവം കണ്ണുനൽകട്ടെ എന്നു പ്രാർഥിക്കാം.

ഫലസ്ത്വീനികളോടൊപ്പം കുറച്ചുസമയം ചെലവഴിച്ചു. ഇന്ത്യയിൽ നിന്നുള്ള സഹോദരങ്ങളാണെന്ന് പറഞ്ഞപ്പോൾ അവർക്ക് വല്ലാത്ത സന്തോഷം. അൽ ഖലീലിലേക്ക് വെറുംകൈയോടെ പോയത് ശരിയായില്ല, ഭക്ഷണവും വസ്ത്രവും കൂടെ കരുതേണ്ടിയിരുന്നു എന്നു തോന്നി. ദാരിദ്ര്യത്തിനും സുരക്ഷിതത്വമില്ലായ്മക്കും ഇടയിൽ അവർ ആർജിച്ചെടുത്ത കഴിവുകൾ നമ്മെ അത്ഭുതപ്പെടുത്തും. എല്ലാവരും നന്നായി ഇംഗ്ലീഷ് സംസാരിക്കുന്നു. അധികപേരും ഉയർന്ന വിദ്യാഭ്യാസമുള്ളവർ. ഉയർന്ന യോഗ്യതകളുണ്ടായിട്ടും ഏതു ജോലിയും ചെയ്യാൻ തയാറായവർ. ഞങ്ങളുടെ ബസ് ഡ്രൈവർ റേഡിയോയിലും ടി.വിയിലും ഖുർആൻ പാരായണം നടത്തുന്ന ആളാണ്. മക്കൾ ഉയർന്ന വിദ്യാഭ്യാസമുള്ളവരും. ആലസ്യവും മടിയും ഒട്ടും ബാധിക്കാത്ത ഊർജസ്വലർ. മിസൈൽ വീണ് അൽപസമയത്തിനകം കുസൃതിച്ചിരിയോടെ അവശിഷ്ടങ്ങൾ പെറുക്കിയെടുക്കുന്ന കുട്ടികളായിരുന്നു അവർ. രക്തസാക്ഷിത്വത്തിനുവേണ്ടി ഊഴംകാത്തുനിൽക്കുന്നവർ.

ഞങ്ങൾ ജറൂസലമിലേക്ക് തന്നെ തിരിച്ചു. വൈകുന്നേരം 5 മണിയോടെ ജറൂസലമിലെത്തി. മഗ്‌രിബ് നമസ്കാരത്തിന് തൊട്ടുമുമ്പായി വീണ്ടും മസ്ജിദുൽ അഖ്സയിൽ പ്രവേശിച്ചു. മഗ്‌രിബും ഇശാഉം നമസ്കരിച്ച് ഇമാമുമായി സംസാരിച്ചു. അദ്ദേഹത്തിന് ഒന്നേ ആവശ്യപ്പെടാനുണ്ടായിരുന്നുള്ളൂ: "നിങ്ങൾ പ്രാർഥിക്കണം. പ്രാർഥനകളെ അല്ലാഹു തട്ടിക്കളയുകയില്ല." കണ്ടുമുട്ടിയ ഫലസ്ത്വീനികളൊക്കെയും ആവശ്യപ്പെട്ടത് ഒന്നുമാത്രം. 'പ്രാർഥന'. ഫലസ്ത്വീനിലെ സഹോദരങ്ങളോട് ഐക്യദാർഢ്യം. നിറകണ്ണുകളോടെ മസ്ജിദുൽ അഖ്സയോട് വിട, അല്ലാഹു അനുഗ്രഹിച്ച പരിശുദ്ധ ഭൂമിയുടെ വിമോചനത്തിന് ഒരായിരം പ്രാർഥനകൾ. ■